⇨ *സമരസമിതി നേതാക്കൾക്കെതിരെ പോലീസ് ജാമ്യമില്ല വകുപ്പുകൾ ചുമത്തി കേസെടുത്തു* ⇨

പാരിസ്ഥിതിക സന്തുലനത്തെ തകിടം മറിക്കുന്ന, ജനജീവിതത്തെ ദുസ്സഹമാക്കുന്ന പാറക്വാറികൾക്കെതിരെ നടക്കുന്ന ജനകീയ സമരങ്ങളെക്കുറിച്ചുള്ള കേരളീയം പംക്തി തുടരുന്നു. 2013 സെപ്തംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച എറണാകുളം ജില്ലയിലെ മാമ്പ്ര ഗ്രാമത്തിലെ ക്വാറി-ക്രഷർ വിരുദ്ധ സമരത്തെക്കുറിച്ചുള്ള റിപ്പോർട്ട് തുടർച്ച...

## മാമ്പ്ര ക്വാറി വിരുദ്ധ സമരം:

# കടലാസിലുറങ്ങിയ വ്യവസ്ഥകൾക്ക് ജനങ്ങൾ നൽകിയ താക്കീത്

ആർ.ഡി.ഒയുടെ ഉത്തരവിനെ തുടർന്ന്, ക്രഷർ പ്രവർത്തിക്കാനാവശ്യമായ കല്ല് ഖനനം ചെയ്തെടുക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ മാമ്പ്രയിലെ ക്രഷറിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ പ്രവർത്തനാനുമതി എയർ അപ്പിലേറ്റ് അതോറിറ്റി റദ്ദുചെയ്യുകയും ചെയ്തു. മാമ്പ്രിയിലെ ജനകീയ സമരം വിജയത്തിന്റെ ഒരു ഘട്ടം പിന്നിട്ടിരിക്കുന്നതായി

**ഡോ. ബിനു. കെ. ദേവസ്സി**

2013 ഏപ്രിൽ മാസത്തിലാണ് നാട്ടുകാർ ക്രഷറിനും ക്വാറികൾക്കുമെതിരെ പ്രത്യക്ഷ സമരം ആരംഭിച്ചത്. നിരവധി പരാതികളും നിവേദനങ്ങളും നൽകിയിട്ടും അനധികൃത ക്വാറികൾക്കും ക്രഷറിനുമെതിരെ നടപടിയെടുക്കാൻ അധികാരികൾ തയ്യാറാവാതെ വന്നതോടെയാണ് ഞങ്ങൾ സമരം തുടങ്ങിയത്. സമരത്തിന്റെ ആദ്യഘട്ടമായി ഏപ്രിൽ മൂന്നിന് മാമ്പ്ര പുളിയനം മേഖലയിൽ ഹർത്താൽ നടത്തുകയും അടുത്ത ദിവസം ക്രഷറിന്റെ പ്രധാന അപ്രോച്ച് റോഡിൽ ജനകീയ ചെക്ക് പോസ്റ്റ് സ്ഥാപിക്കുകയും ചെയ്തു. കേവലം മൂന്ന് മീറ്റർ മാത്രം വീതിയുള്ള, ടാറിടാത്തതും പൊട്ടിപൊളിഞ്ഞതുമായ ഈ റോഡിലൂടെയാണ് ക്രഷറിൽ നിന്നും നൂറുകണക്കിന് ടിപ്പർ ലോറികളും ടോറസ് വാഹനങ്ങളും അമിതവേഗത്തിൽ സഞ്ചരിക്കുന്നത്. വലിയ വാഹനങ്ങളുടെ പ്രവേശനം നിരോധിച്ചുകൊണ്ട് പഞ്ചായത്ത് തന്നെ ഈ വഴിയിൽ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ക്രഷർ യൂണിറ്റിലേക്കുള്ള അപ്രോച്ച് റോഡ് ടാറിട്ടും ഏഴ് മീറ്റർ വീതിയുള്ളതും ആയിരക്കണമെന്ന നിബന്ധന നിലനിൽക്കുമ്പോഴാണ് ഈ ചെമ്മൺ പാതയിലൂടെ ക്രഷറിൽ നിന്നുള്ള വലിയ വാഹനങ്ങൾ കടന്നുപോകുന്നത്. ഏപ്രിൽ അഞ്ചിന് അങ്കമാലി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലെത്തിയ വൻ പോലീസ് സംഘം ബലപ്രയോഗത്തിലൂടെ നാട്ടുകാർ സ്ഥാപിച്ച ജനകീയ ചെക്ക് പോസ്റ്റ് പൊളിച്ചു നീക്കാൻ ശ്രമിച്ചത് സംഘർഷത്തിനിടയാക്കി. തുടർന്ന് സമരസമിതി നേതാക്കൾക്കെതിരെ പോലീസ് ജാമ്യമില്ല വകുപ്പുകൾ ചുമത്തി കേസെടുത്തു. അടുത്ത ദിവസം പോലീസ് നടപടിയെക്കുറിച്ച് പരാതിപറയാനായി അങ്കമാലി പോലീസ് സ്റ്റേഷനിലെത്തിയ പരിസ്ഥിതി സംരക്ഷണ സമിതിയുടെ രക്ഷാധികാരി പി.പി. ഫിലിപ്പിനെ സർക്കിൾ ഇൻസ്പെക്ടർ അറസ്റ്റ്ചെയ്തു ലോക്കപ്പിലിട്ടു. വിവരമറിഞ്ഞെത്തിയ നൂറുകണക്കിന് നാട്ടുകാർ പോലീസ് സ്റ്റേഷനിൽ കുത്തിയിരുപ്പ് സത്യാഗ്രഹം നടത്തിയതിന്റെ ഫലമായി പി.പി. ഫിലിപ്പിനെ ജാമ്യത്തിൽവിട്ടെങ്കിലും കണ്ടാലറിയാവുന്ന 50 പേരെ പ്രതികളാക്കി കേസെടുത്തു.

നാട്ടുകാർ, പഞ്ചായത്ത് ഉപരോധിക്കാൻ പോയ സമയം തെരഞ്ഞെടുത്ത് പോലീസ് ജനകീയ ചെക്ക് പോസ്റ്റ് പൊളിച്ചു നീക്കിയതിൽ പ്രതിഷേധിച്ച് സമര

സമിതി ക്രഷറിന് മുമ്പിൽ അനിശ്ചിതകാല സമരം പ്രഖ്യാപിച്ചു. സമരത്തെ നേരിടാനായി ക്രഷറുടമ ഹൈക്കോടതിയിൽ നിന്ന് എക്സ് പാർട്ടി ഉത്തരവിലൂടെ ഫാക്ടറിയ്ക്ക് പോലീസ് സംരക്ഷണം നേടി. സംരക്ഷണത്തിന് അനുമതി ലഭിച്ചതോടെ അതിന്റെ മറവിൽ പോലീസ് സമരക്കാരെ വേട്ടയാടാൻ തുടങ്ങി. എന്നാൽ ക്രഷർ ഫാക്ടറിക്ക് സംരക്ഷണം അനുവദിച്ചുകൊണ്ടുള്ള കോടതി ഉത്തരവിൽ ക്രഷറിന്റെയും ക്വാറിയുടേയും പെർമിറ്റുകളും ലൈസൻസുകളും പരിശോധിക്കണമെന്ന് നിർദ്ദേശമുണ്ടായിട്ടും പോലീസ് അതിന് തയ്യാറായില്ല.

ക്രഷറിനാവശ്യമായ കല്ല് ശേഖരിക്കുന്നത് ക്രഷറിനടനുബന്ധമായി ഏക്കറ് കണക്കിന് സ്ഥലത്ത് അനധികൃതമായി പാറഖനനം നടത്തിയാണ്. സാൻഡ് റോക്കിന് 12 വർഷത്തേക്ക് പാറഖനനം നടത്തുന്നതിന് മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് ക്വാറി ലീസ് ര കേന്ദ്രങ്ങളിലുമുള്ള സ്വാധിനത്തിന്റെയും ഫലമായി പലപ്പോഴും നിയമങ്ങൾ അട്ടിമറിക്കപ്പെടുന്നതിന്റെ വ്യക്തമായ തെളിവാണ് ഈ സംഭവം.

ഖനനവകുപ്പ് പോലെ തന്നെ അഴിമതിയുടെ കേന്ദ്രമാണ് മലിനീകരണ നിയന്ത്രണ ബോർഡ് (പി.സി.ബി). 2012 ഡിസംബർ 31ന് തിരുവനന്തപുരത്തുള്ള മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ ഓഫീസിൽ വച്ച് നടത്തിയ ഹിയറിങ്ങിൽ, ക്രഷറിന് സമീപം ആൾത്താമസമുള്ള വീടുകളുണ്ടെങ്കിൽ യൂണിറ്റിന് അനുമതി നൽകുകയില്ലെന്ന് പി.സി.ബി ചെയർമാൻ സമരസമിതി നേതാക്കൾക്ക് ഉറപ്പ് നൽകിയിരുന്നു. തുടർന്ന് 2013 ജനുവരി 5ന് ബോർഡിലെ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും ക്രഷറിന് സമീപം നിയന്ത്രിത ദൂരപരിധിയ്ക്കുള്ളിൽ മൂന്ന് വീടുകളും പൊതുജല സംഭരണിയും ഉണ്ടെന്ന് കണ്ടെത്തുകയും



നൽകിയിട്ടുണ്ടെങ്കിലും ഇതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടില്ല. മാത്രമല്ല, പാറപൊട്ടിക്കുന്നതിനുള്ള എക്സ്പ്ലോസീവ് ലൈസൻസും ഇവർക്കില്ല. സ്ഫോടനാനുമതി ഇല്ലാത്ത സാഹചര്യത്തിൽ മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പും അനുമതി നൽകിയത് തെറ്റായ കീഴ്വഴക്കമാണ്. 2012 ലെ ദീപക്കുമാർ Vs ഹരിയാനാ കേസിന്റെ വിധിയിൽ, പുതിയ ക്വാറികൾക്ക് അനുമതി നൽകുന്നതിന് ആഘാതപഠനം നിർബന്ധമായി നടത്തണമെന്ന് സുപ്രീം കോടതി നിഷ്കർഷിച്ചിട്ടുണ്ട്. ഇതൊന്നും പാലിക്കാതെയാണ് സാൻഡ് റോക്കിന് ക്വാറി ലീസ് അനുവദിച്ചിരിക്കുന്നത്. ക്വാറി മുതലാളിമാരുടെ സമ്പത്തിന്റെയും അധികാ ചെയ്തു. എന്നാൽ 2012 ഡിസംബർ 20ന് ക്രഷർ യൂണിറ്റിന് അനുമതി നൽകിയ ശേഷമാണ് ചെയർമാന്റെ ഓഫീസിൽ വച്ച് ഹിയറിങ്ങ് നടന്നത് എന്ന് സമര സമിതി വിവരാവകാശ നിയമപ്രകാരം നേടിയ രേഖകളിൽ നിന്ന് പിന്നീട് വ്യക്തമായി. മറ്റൊരു സർക്കാർ സ്ഥാപനവും ഇത്ര പ്രകടമായി അഴിമതി നടത്താൻ ധൈര്യപ്പെടുമെന്ന് തോന്നുന്നില്ല. പി.സി.ബിയുടെ ഈ നഗ്നമായ ജനവഞ്ചനയ്ക്കെതിരെ തിരുവനന്തപുരത്തെ എയർ അപ്പിലേറ്റ് അതോറിറ്റിയിൽ സമിതി കേസ് ഫയൽ ചെയ്യുകയും തത്ഫലമായി പി.സി.ബി ക്രഷർ യൂണിറ്റിന് നൽകിയ സമ്മതിപത്രം (consent to operate) സ്റ്റേചെയ്യപ്പെടുകയും ചെയ്തു. എങ്കിലും ഹൈക്കോടതി

പിന്നീട് ഈ ഉത്തരവ് റദ്ദാക്കി.

ക്രഷർ-ക്വാറി മുതലാളിമാർക്ക് അനുകൂലമായ ഉത്തരവുകളാണ് പലപ്പോഴും നീതിപീഠങ്ങളിൽ നിന്നുണ്ടാകുന്നത്. സമരക്കാരുടെ ഭാഗം അവതരിപ്പിക്കാൻപോലും അവസരം നൽകാതെ ക്രഷറിനും ക്വാറിയ്ക്കും പോലീസ് സംരക്ഷണം അനുവദിച്ചുകൊണ്ടുള്ള കോടതി ഉത്തരവ് അതിന് കൃത്യമായ ഉദാഹരണമാണ്. ക്രഷർ നിയമവിരുദ്ധമാണെും കാണിച്ച് ജില്ലാ ഭരണകൂടത്തിനും പോലീസ് മേധാവികൾക്കും നിരവധി പരാതികൾ നൽകിയിട്ടും കോടതി ഉത്തരവ് ഉണ്ടായിട്ടും സാൻഡ് റോക്കിന്റെ രേഖകൾ പരിശോധിക്കാൻ പോലീസ് തയ്യാറായിട്ടില്ല. പകരം ഭരണഘടന അനുവദിക്കുന്ന പൗരന്റെ ജീവിക്കാനുള്ള അവകാശത്തിനായി സമരം ചെയ്യുന്ന ജനങ്ങളെ ഭയപ്പെടുത്തി സമരം തകർക്കാനാണ് അവർ ശ്രമിക്കുന്നത്.

ഇതിനുദാഹരണമാണ് 2013 മെയ് ഏഴിന് ക്രഷറിന് മുമ്പിൽ സമാധാനപരമായി സമരം ചെയ്യുകയായിരുന്ന സ്ത്രീകളും പിഞ്ചുകുട്ടികളുമടക്കം നൂറിലധികം പേരെ അറസ്റ്റുചെയ്ത സംഭവം. അറസ്റ്റുചെയ്തവരെ അങ്കമാലി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ട് പോകുന്നെന്നാണ് പോലീസ് പറഞ്ഞതെങ്കിലും കളമശ്ശേരിയിലുള്ള എ.ആർ ക്യാമ്പിലേക്കാണ് അവരെ കൊണ്ടുപോയത്. രാവിലെ 9 മണിക്ക് അറസ്റ്റ് ചെയ്ത സമരക്കാരെ രാത്രി 9 മണിവരെ ജാമ്യത്തിൽ വിടാനോ കോടതിയിൽ ഹാജരാക്കാനോ പോലീസ് തയ്യാറായില്ല. കൊച്ചുകുട്ടികൾ വിശന്നുകരഞ്ഞു. പലരും മോഹാലസ്യപ്പെട്ട് വീണു. സംഭവമറിഞ്ഞ്, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പരിസ്ഥിതി പ്രവർത്തകർ ഇടപെടുകയും മാധ്യമങ്ങളിൽ വാർത്ത വരുകയും ചെയ്തതിനെ തുടർന്നാണ് മുഖ്യമന്ത്രി സമരക്കാരെ വിട്ടയ്ക്കാൻ ആലുവ റൂറൽ എസ്.പിയോട് നിർദ്ദേശിച്ചത്. രാത്രി 9 മണിക്ക് ക്യാമ്പിലെത്തിയ എസ്.പി സമരക്കാർക്ക് വെള്ളവും ഭക്ഷണവും നൽകി ജാമ്യത്തിൽ വിട്ടയയ്ച്ചു. പോലീസിന്റെ നടപടിക്കെതിരെ ആഭ്യന്തര വകുപ്പ് മന്ത്രിയ്ക്ക് നേരിട്ട് പരാതി നൽകിയെങ്കിലും കുറ്റക്കാരാനായ അങ്കമാലി സർക്കിൾ ഇൻസ്പെക്ടർ വി. ബാബുവിനെതിരെ ഒരന്വേഷണവും ഉണ്ടായില്ല.

സുബ്രഹ്മണ്യൻ എന്ന ദളിത് യുവാവിനെ ആലുവ ഡി.വൈ.എസ്.പി വീട്ടിൽ കയറി അറസ്റ്റ്ചെയ്ത സംഭവവും പോലീസ് ഭീകരതയുടെ മറ്റൊരുദാഹരണമാണ്. സമരത്തിൽ സജീവമായിരുന്ന ഈ യുവാവിന്റെ വീടിന്റെ മതിൽ പൊളിച്ചാണ് പോലീസ് സമരക്കാരെ അറസ്റ്റ് ചെയ്യുവാൻ വലിയ ബസ്സുകളുമായി എത്തിയത്. ഇതിനെതിരെ സുബ്രഹ്മണ്യൻ ആലുവ മജിസ്ട്രറ്റിൽ കോടതിയിൽ കേസ് കൊടുക്കുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തന്റെ വീടിന്റെ മതിൽ പുനർനിർമിക്കുകയും ചെയ്തതാണ് ഡി.വൈ.എസ്.പിയെ പ്രകോപിതനാക്കിയത്. 2013 ആഗസ്റ്റ് രണ്ടിന് ഡി.വൈ.എസ്.പി സുനിൽ കുമാറിന്റെ നേതൃത്വത്തിലെത്തിയ വൻ പോലീസ് സംഘം ക്രഷറിന്റെ മുമ്പിൽ സത്യാഗ്രഹമിരുന്ന 219 പേരെ ബലപ്രയോഗത്തിലൂടെ അറസ്റ്റ് ചെയ്ത് റോഡിലൂടെ വലിച്ചിഴച്ച് വാഹനത്തിൽ കയറ്റി കോടതിയിൽ കൊണ്ടുപോയ സംഭവവും ഈ ഉദ്ദേഗസ്ഥന് ക്രഷറുടമയോടുള്ള കൂറ് വ്യക്തമാക്കുന്നതാണ്. പോലീസ് അതിക്രമം നേരിട്ട സ്ത്രീകളിൽ ചിലർ അടുത്ത ദിവസം തിരുവനന്തപുരത്ത് പോയി മുഖ്യമന്ത്രിയെ കണ്ട് പരാതി ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി എറണാകുളം കളക്ടറോട് അന്വേഷണം നടത്താൻ ആവശ്യപ്പെട്ടു.

കളക്ടറുടെ നിർദ്ദേശപ്രകാരം ക്രഷർ ഫാക്ടറിയും അനുബന്ധ ക്വാറിയും പരിശോധിച്ച ഫോർട്ട് കൊച്ചി ആർ.ഡി.ഒ സ്വാഗത് ഭണ്ഡാരി ഐ.എ.എസ് സാൻഡ്റോക്കിന്റെ ക്രഷർ പ്രവർത്തിക്കുന്നത് അനധികൃതമായി പാറഖനനം നടത്തിയതാണെന്ന് കണ്ടെത്തി. തുടർന്ന് ക്വാറിയ്ക്ക് സ്റ്റോപ് മെമ്മോ നൽകുകയും ഖനനത്തിനുപയോഗിച്ചിരുന്ന മെഷിനറികളും വാഹനങ്ങളും പിടിച്ചെടുക്കുകയും ചെയ്തു. പി.സി.ബി യുടെ അനുമതിയും എക്സ്പ്ലോസിവ് ലൈസൻസുമില്ലാതെ പാറഖനനം നടത്തിയ സാൻഡ് റോക്കിനെതിരെ നടപടി സ്വീകരിക്കുവാൻ ഒടുവിൽ റവന്യൂ അധികാരികൾ തയ്യാറായെങ്കിലും ഈ ആവശ്യമുന്നയിച്ച് സമരം ചെയ്ത നാട്ടുകാരെ ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് പീഡിപ്പിച്ച അങ്കമാലി സർക്കിൾ ഇൻസ്പെക്ടർ വി. ബാബുവിനും, ആലുവ ഡി.വൈ.എസ്.പി സുനിൽകുമാറിനും അവർക്ക് നിർദ്ദേശം നൽകിയ ഐ.ജി. പത്മകുമാറിനുമെതിരെ അന്വേഷണം നടത്താൻ സർക്കാർ തയ്യാറായിട്ടില്ല. ഇവർക്കെതിരെ നടപടി ആവശ്യപ്പെട്ട് നാട്ടുകാർ മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചിരിക്കുകയാണ്. ആർ.ഡി.ഒയുടെ ഉത്തരവിനെ തുടർന്ന്, ക്രഷർ പ്രവർത്തിയ്ക്കാനാവശ്യമായ കല്ല് ഖനനം ചെയ്തെടുക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ക്രഷറിന്റെ പ്രവർത്തനം ഇപ്പോൾ നി

## വിജയത്തിലെത്തിയ നിയമ പോരാട്ടം

നിയമ പോരാട്ടങ്ങൾക്കൊടുവിൽ മാമ്പ്രയിലെ ക്രഷർ ഫാക്ടറിക്കുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി റദ്ദ് ചെയ്തുകൊണ്ട് 2013 ഒക്ടോബർ 10ന് തിരുവനന്തപുരത്തെ എയർ അപ്പിലേറ്റ് അതോറിറ്റി ഉത്തരവിട്ടു. മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പി.സി.ബി ക്രഷർ യൂണിറ്റിന് പ്രവർത്തനാനുമതി നൽകിയതെന്ന് പ്രസ്തുത ഉത്തരവിൽ കോടതി വിമർശിച്ചു. നാട്ടുകാരെ കബളിപ്പിച്ചുകൊണ്ട്, പി.സി.ബി ചെയർമാൻ ഉൾപ്പെടെയുള്ളവർ ചേർന്ന് തന്ത്രപരമായി ക്രഷർ ഫാക്ടറിക്ക് പ്രവർത്തനാനുമതി നൽകിയതിനെതിരെയാണ് സമരപ്രവർത്തകർ മലിനീകരണ നിയന്ത്രണ ബോർഡിന്റെ എയർ അപ്പലേറ്റ് അതോറിറ്റിയിൽ ഹർജി സമർപ്പിച്ചത്. 2013 ഏപ്രിൽ 25ന് അതോറിറ്റി ക്രഷർ യൂണിറ്റിന് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ അനുമതി സ്റ്റേ ചെയ്തു. എന്നാൽ ക്രഷറർ ഉടമ ഹൈക്കോടതിയെ സമീപിക്കുകയും കോടതി എയർ അപ്പലേറ്റ് അതോറിറ്റിയുടെ വിധി റദ്ദ് ചെയ്യുകയും ചെയ്തു. നാട്ടുകാരുടെ വാദം പോലും കേൾക്കാതെയായിരുന്നു ഹൈക്കോടതിയുടെ ഈ നടപടി. വാദപ്രതിവാദങ്ങൾക്കൊടുവിൽ കേസ് എയർ അപ്പിലേറ്റ് അതോറിറ്റിയുടെ പരിഗണനയ്ക്കായി വീണ്ടും വിട്ടെങ്കിലും ക്രഷർ യൂണിറ്റിനുള്ള അനുമതി സ്റ്റേ ചെയ്ത അതോറിറ്റിയുടെ നടപടിയെ ഹൈക്കോടതി റദ്ദാക്കിയതിനെ പുനഃപരിശോധിക്കാൻ അതോറിറ്റി തയ്യാറായില്ല. അങ്ങനെ കേസ് വീണ്ടും എയർ അപ്പിലേറ്റ് അതോറിറ്റിയുടെ പരിഗണനയ്ക്ക് വന്നപ്പോഴാണ് ക്രഷർ യൂണിറ്റിന് പി.സി.ബി നൽകിയ അനുമതി റദ്ദുചെയ്തുകൊണ്ട് അതോറ്റി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചത്.

ക്രഷർ യൂണിറ്റിന് പഞ്ചായത്ത് നൽകിയ ലൈസൻസും റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് നാട്ടുകാർ ഇപ്പോൾ പാറക്കടവ് ഗ്രാമപഞ്ചായത്തിനെതിരെ സമരം ആരംഭിച്ചിരിക്കുകയാണ്. 2013 മാർച്ച് അഞ്ചിനാണ് പഞ്ചായത്ത് സെക്രട്ടറി നിയമവിരുദ്ധമായി സാൻഡ് റോക്കിന്റെ ക്രഷറിനും ക്വാറിക്കും ലൈസൻസ് നൽകിയത്. തുടർന്ന് നാട്ടുകാർ ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. പഞ്ചായത്ത് സെക്രട്ടറി നൽകിയ ലൈസൻസ് രണ്ട് മാസത്തിനകം പുനഃപരിശോധിക്കാൻ പഞ്ചായത്ത് കമ്മിറ്റിയോട് കോടതി ആവശ്യപ്പെട്ടു. കോടതി ഉത്തരവ് നടപ്പിലാക്കാനുള്ള സമയ പരിധി കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ പഞ്ചായത്ത് കമ്മിറ്റി തയ്യാറായിട്ടില്ല. ക്വാറിക്ക് നൽകിയ ലൈസൻസ് പുനഃപരിശോധിക്കാൻ തയ്യാറാകാത്ത പഞ്ചായത്തിലെ ജനപ്രതിനിധികൾക്കെതിരെ വലിയ പ്രതിഷേധം ജനങ്ങൾക്കിടയിൽ രൂപപ്പെട്ടിട്ടുണ്ട്.

റുത്തിയിരിക്കയാണ്. തുടർന്ന് നാട്ടുകാരും ക്രഷറിനെതിരായ ഉപരോധസമരം താത്കാലികമായി പിൻവലിച്ചിരിക്കുകയാണ്.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണ്ണും, മെറ്റലും, കരിങ്കല്ലും, പാറമണലുമെല്ലാം ആവശ്യമാണെ് ഞങ്ങൾക്കറിയാം. എന്നാൽ എല്ലാ നിയമങ്ങളും കാറ്റിൽ പറത്തി, ജനങ്ങളുടെ സ്വൈരജീവിതം നശിപ്പിച്ച്, ജനവാസമേഖലകളിൽ നടത്തുന്ന മണ്ണ് ഖനനവും പാറഖനനവും പാറമണൽഖനനവും അംഗീകരിക്കാനാവില്ല. ക്വാറികളിൽ നിന്നും വീടുകളിലേയ്ക്കുള്ള ദൂരം 50 മീറ്ററായി നിജപ്പെടുത്തിയിരിക്കുന്നതിന്റെ ശാസ്ത്രീയത എന്താണ്? ഇത് ക്വാറിയുടെ മധ്യത്തിൽ നിന്ന് കണക്കാക്കണമെന്നാണ് ജിയോളജി വകുപ്പിന്റെ നിലപാട്. പല ക്വാറികൾക്കും അവയുടെ മധ്യത്തിൽ നിന്നും അരിക്കുകളിലേക്ക് മാത്രം 50 മീറ്ററിൽ കൂടുതൽ ദൂരം വരുമെന്നതാണ് വാസ്തവം. കേരളത്തേക്കാൾ ജനസാന്ദ്രത കുറഞ്ഞ തമിഴ്നാട്, കർണ്ണാടകം, ഹരിയാന, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇത് യഥാക്രമം 200, 300, 500, 1000 മീറ്ററുകളാണ്. ക്വാറികളെ ചെറുതും വലുതുമായി തരം തിരിക്കുന്നതാണ് മറ്റൊരു തട്ടിപ്പ്. കേരളത്തിലെ ക്വാറികളെ ചെറിയ വ്യവസായ യൂണിറ്റുകളായി കണക്കാക്കി അവയ്ക്ക് 1967 ലെ KMMC Rules (Kerala Minor Mineral Concession Rules) ആണ് ബാധകമാക്കിയിരിക്കുന്നത്. കേരള മൈനർ മിനറൽസ് നിയമപ്രകാരം ചെറിയ പാറമടകൾക്ക് ഖനനം ചെയ്തെടുക്കാവുന്ന ധാതുക്കളുടെ അളവും, കുഴിക്കാവുന്ന ഭൂമിയുടെ ആഴവും നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയിൽ പലതും വൻകിട ക്വാറികളെ പോലെ കൂടിയ ആഴത്തിലും അളവിലുമാണ് ഖനനം നടത്തുന്നത്. അതിനാൽ വലിയ ഖനന യൂണിറ്റുകൾക്ക് ബാധകമായ Metalliferous Mines Regulations, 1961 ഇവയ്ക്കും ബാധകമാക്കേണ്ടതാണ്. Mines Act പ്രകാരം ഖനനപ്രദേശത്തിന്റെ 300 മീറ്റർ ചുറ്റളവിൽ മനുഷ്യസാന്നിദ്ധ്യം പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് കാലോചിതമായി പരിഷ്കരിക്കണം. കോടതി ഉത്തരവിനെ തുടർന്ന് ഇതിനുള്ള ശ്രമങ്ങൾ മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് തുടങ്ങിയിട്ടുണ്ടെങ്കിലും

*⇨ അനധികൃതമായി ആഴം കൂട്ടിയ എല്ലാ മടകൾക്കും നിരോധന ഉത്തരവ് നൽകിയിരിക്കുകയാണ് ⇨*

പരിഷ്കരിച്ച ഖനന വ്യവസ്ഥ ക്വാറി ക്രഷർ ലോബികൾക്ക് സഹായകമാകുമെന്ന് ഇതിന്റെ കരട് രൂപം കാണുന്ന ആർക്കും മനസ്സിലാവും. വിഭവങ്ങളുടെ നാശവും കാലാവസ്ഥ വ്യതിയാനവുമെല്ലാം കണക്കിലെടുത്ത് ഖനനവ്യവസ്ഥകൾ കൂടുതൽ കണിശമാകേണ്ടതിന് പകരം ഇവ കൂടുതൽ ഉദാരമാക്കുന്ന തരത്തിലുള്ള ഭേദഗതികളാണ് കരടിൽ കാണുന്നത്. കരട് വ്യവസ്ഥകൾ അതേപടി നടപ്പിലാക്കിയാൽ കരിങ്കൽ ക്വാറികളും, മെറ്റൽ ക്രഷറുകളും, കൃത്രിമ മണൽ പ്ലാന്റുകളും മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും കുടിവെള്ള പ്രശ്നങ്ങളും മറ്റ് പാരസ്ഥിക പ്രശ്നങ്ങളും വർദ്ധിക്കുകയും ജനങ്ങളുടെ സ്വൈരജീവിതം അസാദ്ധ്യമായി തീരുകയും ചെയ്യും. പുതിയ ഖനന വ്യവസ്ഥയിലെ ഏറ്റവും വലിയ അപകടം പാറഖനനത്തിനായി എത്ര മീറ്റർ കുഴിക്കാമെന്ന് നിജപ്പെടുത്തിയിട്ടില്ല എന്നതാണ്. 67 ലെ KMMC Rules പ്രകാരം 20 അടി പാറപൊട്ടിക്കാനാണ് അനുമതിയുള്ളത്. പിന്നീട് KMMC Rules ന് ഭേദഗതി വരുത്തിയപ്പോൾ ഈ ഭാഗം റദ്ദ് ചെയ്തു. എന്നാൽ കേരള ഹൈക്കോടതിയുടെ 2009 ലെ ഉത്തരവിൽ (ഗോഗുൽദാസ് V/s സ്റ്റേറ്റ് ഓഫ് കേരള) ഈ നിബന്ധന വീണ്ടും നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. മാത്രമല്ല പുതിയതായി മൈനിംഗ് പെർമിറ്റ് നൽകുകയോ നിലവിലുള്ളവ പുതുക്കി നൽകുകയോ ചെയ്യുമ്പോൾ 20 അടി മാത്രമേ പാറപ്പൊട്ടിക്കാവൂ എന്ന വ്യവസ്ഥ കർശനമായി പെർമിറ്റിൽ ഉൾപ്പെടുത്താൻ ജിയോളജിസ്റ്റുകൾക്ക് നിർദ്ദേശം നൽകണമെമും കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഉത്തരവ് നടപ്പാക്കാൻ സർക്കാർ ഒന്നും ചെയ്യാതിരുന്ന സാഹചര്യത്തിലാണ് പരിസ്ഥിതി സംരക്ഷണ ജനകീയ സമിതി ഹൈക്കോടതിയിൽ ചീഫ് സെക്രട്ടറിയെയും ജിയോളജിസ്റ്റിനേയും പ്രതിചേർത്തുകൊണ്ട് അന്യായം കേസ് ഫയൽ ചെയ്തത് (No. 284/20013). ഈ കേസ് പരിഗണിച്ച വേളയിൽ കോടതി സർക്കാരിനെ രൂക്ഷമായി വിമർശിച്ചതിന്റെ പശ്ചാത്തലത്തിൽ ജില്ലാ ജിയോളജിസ്റ്റ് പാറക്കടവ് പഞ്ചായത്തിലെ, അനധികൃതമായി ആഴം കൂട്ടിയ എല്ലാ മടകൾക്കും നിരോധന ഉത്തരവ് നൽകിയിരിക്കുകയാണ്.

പാറമട ക്രഷർ ലോബിയുടെ താത്പര്യം സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ വേറെയുമുണ്ട് പുതിയ ഖനനവ്യവസ്ഥയിൽ. ഉദാഹരണമായി, ഗ്രാമീണ റോഡുകളിൽ നിന്ന് ക്വാറിയിലേയ്ക്ക് 100 മീറ്റർ വേണമെന്നത് 50 മീറ്ററാക്കി കുറച്ചു. മറ്റ് സംസ്ഥാനങ്ങളിൽ ഇത് 200, 300, 500, 100 മീറ്ററാണ്. പാറഖനനത്തിന് ഏതെല്ലാം സ്ഫോടക വസ്തുക്കളാണ് ഉപയോഗിക്കാൻ അനുവാദമുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല. സംസ്ഥാനത്തെ ക്വാറികളിൽ ഇപ്പോൾ തന്നെ അമ്മോണിയം നൈട്രേറ്റുപോലുള്ള നിരോധിച്ച രാസവസ്തുക്കൾ ഉപയോഗിച്ചാണ് സ്ഫോടനം നടത്തുന്നത്. സംസ്ഥാനത്ത് സുലഭമായി പാറയുള്ളതിനാൽ പാറഖനനത്തിനായി ക്വാറി ലീസ് അനുവദിക്കാമെന്നുള്ളതാണ് വിവാദമായ മറ്റൊരു വ്യവസ്ഥ. ദീർഘകാലത്തേയ്ക്ക് (പരമാവധി 12 വർഷം) വ്യവസായാടിസ്ഥാനത്തിൽ പാറഖനനം നടത്തുന്നതിനുള്ള അനുമതിയാണ് ക്വാറി ലീസ്. ക്വാറിപെർമിറ്റുകൾ വർഷാവർഷം പുതുക്കണമെന്ന വ്യവസ്ഥയുള്ളപ്പോൾ ക്വാറിലിസിന് ഇതൊന്നും ബാധകമല്ല. മാത്രവുമല്ല എത്ര അടിവേണമെങ്കിലും ഖനനം ചെയ്യുവാൻ അനുവാദമുള്ളതുകൊണ്ട് ക്വാറി ലീസുകൾക്ക് ആഴ നിയമങ്ങൾ ബാധകമല്ല. ഈ നിർദ്ദേശങ്ങളെല്ലാം അതേപടി നടപ്പിലാക്കിയാൽ നമ്മുടെ സാമൂഹിക ജീവിതം ശബ്ദമലിനികരണംകൊണ്ടും വായുമലീനികരണകൊണ്ടും കുടിവെള്ളക്ഷാമംകൊണ്ടും കലുഷിതമാവുമെന്നുറപ്പാണ്. ഭരണകൂടത്തിന്റെയും, രാഷ്ട്രീയപാർട്ടികളുടെയും ഒത്താശയോടെ നടക്കുന്ന അനധികൃത ഖനനങ്ങൾക്കെതിരെ ഇരകളാക്കപ്പെടുന്ന ജനങ്ങളുടെ ഒരു ഐക്യനിര രൂപപ്പെടേണ്ടതിന്റെ സമയം ആസന്നമായിരിക്കുന്നു. ■


